# ഭാഗം 1 മലയാള ഭാഷ: ഉച്ചാരണവും ലിപിയും

ഉള്ളടക്കം


1.0 ഉദ്ദേശ്യലക്ഷ്യങ്ങൾ
1.1 ആമുഖം
1.2 ഭാഷ
1.3 വർണ്ണങ്ങൾ
    1.3.1 സ്വരങ്ങൾ
    1.3.2 മാത്ര
    1.3.3 സമാനാക്ഷരങ്ങളും സന്ധ്യക്ഷരങ്ങളും
    1.3.4 കുറിപ്പുകൾ
    പുരോഗതി സ്വയം പരിശോധിക്കുക-1
1.4 സ്വരങ്ങൾ: ഉച്ചാരണവും ലിപിയും
    പുരോഗതി സ്വയം പരിശോധിക്കുക-2
1.5 വ്യഞ്ജനങ്ങൾ: ഉച്ചാരണവും ലിപിയും
    1.5.1 അർഗ്ഗക്ഷങ്ങൾ
    1.5.2 മദ്ധ്യമങ്ങൾ
    1.5.3 ഊഷ്മാക്കൾ
    1.5.4 ഇരട്ടിക്കുമ്പോഴുള്ള ലിപിപരമായ പ്രത്യേകതകൾ
    പുരോഗതി സ്വയം പരിശോധിക്കുക-3
1.6 പാഠസംഗ്രഹം
1.7 പുരോഗതി സ്വയം പരിശോധിക്കുക—ഉത്തരം

# 1.0 മലയാള ഭാഷ: ഉച്ചാരണവും ലിപിയും ഉദ്ദേശ്യലക്ഷ്യങ്ങൾ

ഭാഷയുടെ അടിസ്ഥാനഘടകം ധ്വനിയാണ്. ആശയങ്ങളുടെ പ്രതിരൂപമായ ശബ്ദത്തിന് മൂലകാരണവും അതത്രേ. ഉച്ചാരണാവയവങ്ങളുടെ സഹായത്തോടെ ഒരാൾ ശബ്ദം പുറപ്പെടുവിക്കുന്നു. കേൾക്കുന്ന ആൾ ഉച്ചരിക്കപ്പെട്ട ശബ്ദങ്ങളിൽ നിന്ന് അർത്ഥവും ആശയവും ഗ്രഹിക്കുന്നു. മനസ്സിലാക്കിക്കുക, മനസ്സിലാക്കുക ഇവയാണ് ശബ്ദത്തിന്റെ പ്രയോജനം. സപ്രയോജനമായ ശബ്ദങ്ങളാണ് ഭാഷയുടെ ഘടകങ്ങൾ. ഉച്ചരിക്കപ്പെടുന്ന ശബ്ദമാവട്ടെ അടുത്ത ക്ഷണത്തിൽ വായുവിൽ ലയിച്ചുചേരുന്നു. നഷ്ടപ്രായമാകുന്ന ശബ്ദത്തെ കാണാൻ പാകത്തിൽ എഴുതി സൂക്ഷിക്കുവാനുള്ള പ്രയത്നത്തിൽ നിന്നാണ് ലിപികൾ രൂപം കൊണ്ടത്. ലിപികളെ ശബ്ദത്തെ പുനഃസൃഷ്ടിക്കാൻ കഴിയുന്ന വരകൾ എന്ന് പറയാം. ഉച്ചരിക്കപ്പെടുന്ന ധ്വനികൾ വർണ്ണമായിത്തിരുന്നു. ഓരോ വർണ്ണത്തിനും വ്യത്യസ്തമായ ലിപി ഉപയോഗിച്ച് ശബ്ദത്തെ അനശ്വരമാക്കുകയും ഭാഷയെ ജീവത്താക്കുകയു ചെയ്യുന്ന പ്രക്രിയ അത്ഭുതാവഹമാണ്. ഒരു ജനതയുടെ സാംസ്കാരികമായ അഭിവൃദ്ധിയോട് ബന്ധപ്പെടുത്തി വേണം ഇതിനെ കാണുവാൻ. ലിപിയും ഭാഷയും തമ്മിലുള്ള ബന്ധത്തെ ബോദ്ധ്യപ്പെടുത്തിയതിനുശേഷം മലയാളഭാഷയുടെ ഉച്ചാരണത്തേയും ലിപിയേയും കുറിച്ചുള്ള സാമാന്യജ്ഞാനം വിദ്യാർത്ഥികൾക്ക് ഉണ്ടാക്കിക്കൊടുക്കുകയാണ് ഈ പാഠ്യഭാഗത്തിന്റെ മുഖ്യമായ ഉദ്ദേശ്യം. വ്യഞ്ജനാക്ഷരങ്ങളേയും, അവയുടെ ഉച്ചാരണം, ഉച്ചാരണ സ്ഥാനം എന്നിവയേയും ലക്ഷ്യമാക്കിക്കൊണ്ട് ഈ ഉദ്ദേശ്യം സാധിക്കുവാൻ ശ്രമിച്ചിരിക്കുന്നു. പാഠ്യവിഷയം താഴെ ചേർക്കുന്നു:-

(1) ഭാഷ
(2) വർണ്ണങ്ങൾ
(3) സ്വരങ്ങൾ: ഉച്ചാരണവും ലിപിയും
(4) വ്യഞ്ജനങ്ങൾ: ഉച്ചാരണവും ലിപിയും

# 1.1 ആമുഖം

മനുഷ്യൻ ആയുഷ്ക്കാലം മുഴുവൻ ആശയവിനിമയത്തിനുപയോഗിക്കുന്ന മാധ്യമം എന്ന നിലയിൽ ഭാഷയ്ക്ക് വളരെയേറെ പ്രാധാന്യമുണ്ട്. ഭാഷയാണ് മനുഷ്യസംസ്കാരത്തെ കാത്തുസൂക്ഷിക്കുകയും തലമുറകൾക്ക് കൈമാറുകയും ചെയ്യുന്നത്. ഈ ഒരു സവിശേഷത ഭാഷയ്ക്ക് സാമൂഹ്യജീവിതത്തിൽ ഏറെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. ഭാഷയ്ക്ക് ഉച്ചാരണരൂപവും ലിപിരൂപവും ഉണ്ട്. ഇവ്വിധം ഉപയോഗിക്കുന്ന ഭാഷ എന്താണ് എന്നോ അതിന്റെ പ്രത്യേകതകൾ എന്തൊക്കെയാണ് എന്നോ സാധാരണയായി ആരും ആലോചിക്കാറില്ല. അത്രയേറെ മനുഷ്യജീവിതത്തിന്റെ ഭാഗമായി മാറിക്കഴിഞ്ഞു, ഭാഷ. ഭാഷയെന്താണ്? ലിപിയെന്നാലെന്താണ്? ഭാഷയും ലിപിയും തമ്മിലുള്ള ബന്ധമെന്താണ്? പൊതുവെ നമുക്ക് ഇവയെക്കുറിച്ച് ആലോചിക്കാം. എന്നിട്ട് മലയാളഭാഷയേയും ലിപിയേയും കുറിച്ച് വിശദമായി മനസ്സിലാക്കാൻ ശ്രമിക്കാം.

# 1.2 ഭാഷ

മനുഷ്യന്റെ അപൂർവ്വമായ ഒരു സിദ്ധിവിശേഷമാണ് ഭാഷ. അതാണ് മനുഷ്യനെ മറേറതു ജീവിയേക്കാളും മേലെയാക്കുന്നതും. സാമാന്യേന ഏതാശയവും ഉൾക്കൊള്ളാനും തലമുറകളിലേക്കു അതു പകർത്താനും ഭാഷയ്ക്ക് സാധിക്കും. എന്നാൽ വെറുമൊരു ആശയവിനിമയോപാധി എന്നതിലുപരി മനുഷ്യസംസ്കാരവും വിജ്ഞാനവും തലമുറകളിൽ നിന്ന് തലമുറകളിലേയ്ക്ക് കൈമാറുന്നതിനുപോന്ന ഒരു മാധ്യമം എന്ന നിലയിലാണ് ഭാഷയെ നാം മനസ്സിലാക്കേണ്ടത്.

ഉച്ചാരണാവയവങ്ങളുടെ സഹായത്തോടെ മനുഷ്യൻ പുറപ്പെടുവിക്കുന്ന ധ്വനികളാണ് ആശയവിനിമയത്തിനുള്ള ആദ്യത്തെ ഘടകം. ഇവയത്രേ ഒരു ഭാഷയിലെ അക്ഷരമാലയ്ക്ക് അടിസ്ഥാനമായ വർണ്ണങ്ങൾ. മനുഷ്യൻ ഉച്ചരിക്കുന്ന വർണ്ണങ്ങളെ ഒരു പ്രത്യേക രീതിയിൽ ക്രമീകരിക്കുമ്പോൾ പദങ്ങൾ ഉണ്ടാകുന്നു. 'ല' എന്നും 'ത' എന്നും രണ്ടു വർണ്ണങ്ങൾ. ഇവ ഒരു രീതിയിൽ ക്രമപ്പെടുത്തിയാൽ 'ലത' എന്നു കിട്ടും. ഈ ക്രമം ഒന്നു മാററിയാൽ 'തല' എന്നായിത്തീരും. ഇങ്ങനെ പദം രൂപപ്പെടുത്താൻ അക്ഷരങ്ങളിൽ വരുത്തുന്ന ക്രമീകരണത്തിലെ വ്യത്യാസം

ഭാഷകളെ തമ്മിൽ തമ്മിൽ വേർപ്പെടുത്തുന്നു. ഭാഷയിലെ പ്രയുക്തമായ ഓരോ പദത്തിനും അർത്ഥമുണ്ട്. ഈ അർത്ഥം ആരോപിതമാണ്. ആരോപിതമായ അർത്ഥത്തിന് സാമൂഹ്യമായ അംഗീകാരം ലഭിക്കുന്നതോടെ പദങ്ങൾ വാക്യത്തിൽ പ്രയോഗിക്കുന്നതിന് അർഹമായിത്തീരുന്നു. ഇത്തരം പദങ്ങൾ കൊണ്ട് രൂപപ്പെടുന്ന ഭാഷ ആശയ സംവേദനത്തിന് സമർത്ഥവുമത്രേ. ഈ പ്രത്യേകതകൾ കണക്കിലെടുത്ത് ഭാഷയെ ഇങ്ങനെ നിർവ്വചിക്കാം. 'ഒരു സമൂഹം അംഗീകരിച്ച അർത്ഥത്തിൻെറ പ്രതിരൂപങ്ങളായ, ക്രമീകൃത വാചിക ശബ്ദങ്ങളാണ് ഭാഷ'.

മനുഷ്യർക്ക് ഉച്ചരിക്കാൻ കഴിയുന്ന എല്ലാ ധ്വനികളും ഒരു ഭാഷയിൽ ഉപയോഗിക്കാറില്ല. ഓരോ ഭാഷയിലും സ്വയം തെരഞ്ഞെടുക്കപ്പെടുന്ന ഒരു വർണ്ണ സമുച്ചയമുണ്ടായിരിക്കും. അവയാണ് ആശയസംവേദനത്തിനുള്ള ശബ്ദങ്ങൾക്ക് രൂപം കൊടുക്കുന്നത്. ഉച്ചരിച്ചുകഴിയുമ്പോൾ ശബ്ദം പെട്ടെന്നു വായുവിൽ ലയിക്കുന്നു. അത് ഇന്ദ്രിയഗോചരമല്ലാതായിത്തീരുന്നു. ഈ സ്ഥിതിവിശേഷം സാമൂഹ്യമായും സാംസ്കാരികമായും വലിയ നഷ്ടമുണ്ടാക്കിക്കൊണ്ടിരുന്നു. അതിനൊരു പരിഹാരമായാണ് ലിപി കണ്ടുപിടിച്ചത്. നഷ്ടപ്പെട്ട ഓ്രോ ശബ്ദത്തേയും പുനഃസൃഷ്ടിക്കാൻ സാധിക്കുന്നവിധം വരയിലൂടെ നിലനിർത്തി ദർശനീയമാക്കുന്ന ലേഖന സമ്പ്രദാമാണ് ലിപി. നാം ഭാഷയെ അറിയുന്നതും സമീപിക്കുന്നതും ലിപിയുടെ രൂപത്തിലാണ്.

ഉച്ചാരണത്തിനുവേണ്ടി ഉപയോഗിക്കുന്ന ഏററവും ചെറിയ ശബ്ദമാണ് വർണ്ണം. ചിലപ്പോൾ വർണ്ണം ഒററയ്ക്ക് ഉച്ചരിക്കാൻ കഴിയുകയില്ല. 'അ' എന്നത് ഉച്ചാരണത്തിലെ ഏററവും ചെറിയ ഘടകമാണ്. അതുകൊണ്ട് അത് വർണ്ണമാണ്. 'ക' എന്നത് ഉച്ചാരണത്തിലെ ഏററവും ചെറിയ ഘടകമാണ്. അതും വർണ്ണം തന്നെ. 'അ' തനിയെ ഉച്ചരിക്കാൻ കഴിയുന്ന വർണ്ണമാണ്. പക്ഷെ 'ക്' എന്ന വർണ്ണത്തെ തനിയെ ഉച്ചരിക്കാൻ കഴിയുകയില്ല. ഇതാണ് ശ്രദ്ധേയമായ വ്യത്യാസം. 'അ' കാരം ചേർത്താണ് 'ക്' തുടങ്ങിയ വ്യഞ്ജനങ്ങളെ ഉച്ചാരണക്ഷമമാക്കുന്നത്. 'അ' യും 'ക' യും അക്ഷരങ്ങളാണ്. എന്തെന്നാൽ ഉച്ചരിക്കാൻ കഴിയുന്ന വർണ്ണമോ വർണ്ണങ്ങളോ ആണ് അക്ഷരങ്ങൾ.

അക്ഷരങ്ങളുടെ കാര്യത്തിൽ മലയാളഭാഷ സമ്പന്നമാണ്. അത് ദ്രാവിഡ ഭാഷകളുടെ കൂട്ടത്തിൽ പെടുന്നു. ദ്രാവിഡത്തിലെ എല്ലാ അക്ഷരങ്ങളും മലയാളത്തിലുണ്ട്. സംസ്കൃതഭാഷ ഉപയോഗിച്ചിരുന്ന ആര്യവർഗ്ഗവുമായി കേരളത്തിനുണ്ടായ ദീർഘകാലത്തെ ബന്ധം മലയാളഭാഷയെ സംസ്കൃതവുമായി അടുപ്പിച്ചു. ആ ബന്ധം അക്ഷരമാലയുടെ കാര്യത്തിൽ മലയാളത്തെ സമ്പന്നമാക്കി. സംസ്കൃതത്തിലെ ഏതാണ്ട് എല്ലാ അക്ഷരങ്ങളും മലയാളം സ്വീകരിച്ചു. തന്മൂലം ഭാരതീയഭാഷകളിലെ ഏതു ശബ്ദവും ശരിയായി ഉച്ചരിക്കാനുള്ള കഴിവ് മലയാളിയ്ക്ക് ലഭ്യമായി.

ശബ്ദസ്വരൂപിണിയാണല്ലോ ഭാഷ. കേൾവിക്കാരന് അർത്ഥം വ്യക്തമാക്കിക്കൊടുക്കാൻ അതിന് കഴിയണം. അതിൽ എന്തെങ്കിലും പിഴവു പററിയാൽ ഭാഷ ആശയവിനിമയത്തിന് ഉതകാത്തതായിത്തീരും. വ്യക്തവും സ്ഫുടവുമായ ഉച്ചാരണസാദ്ധ്യതയും സംശയരഹിതമായ അർത്ഥസംവേദനക്ഷമതയുമാണ് ഒരു ഭാഷയുടെ വിജയത്തിന് ഹേതു. അക്ഷരമാലയുടേയും അതിൻെറ ശരിയായ ഉച്ചാരണത്തിൻേറയും പഠനം ഭാഷാഭ്യസനത്തിൽ അതുകൊണ്ടുതന്നെ പ്രാധാന്യം അർഹിക്കുന്നു.

## 1.3 വർണ്ണങ്ങൾ

ശ്വാസകോശത്തിൽ നിന്നും വെളിയിലേക്കു വരുന്ന വായുവാണ് അക്ഷരമായി പരിണമിക്കുന്നത്. സ്വരം എന്നും വ്യഞ്ജനം എന്നും അക്ഷരങ്ങളെ രണ്ടായി തിരിക്കുന്നു. സ്വരങ്ങളുടെ പ്രത്യേകത, അവയുടെ വിഭജനം എന്നിവയെക്കുറിച്ച് നമുക്ക് പഠിക്കാം.

ശ്വാസകോശത്തിൽ നിന്നു പുറപ്പെടുന്ന നിശ്വാസവായുവാണ് വർണ്ണമായി പരിണമിക്കുന്നത്. വർണ്ണങ്ങളെ സ്വരങ്ങൾ എന്നും വ്യജ്ഞനങ്ങൾ എന്നും രണ്ടായി തിരിക്കുന്നു. ഉച്ചാരണവേളയിൽ വായു പുറത്തേക്കു വരുന്ന രീതിയിലെ വ്യത്യാസമാണ് ഇതിനു കാരണം. നിശ്വാസവായു കണ്ഠം, താലു തുടങ്ങിയ ഉച്ചാരണസ്ഥാനങ്ങളിൽ തട്ടിയോ തട്ടാതെയോ വായിൽ നിന്നും വെളിയിൽ വരാം. തട്ടാതെ ഉച്ചരിക്കപ്പെടുന്ന വർണ്ണങ്ങളാണ് സ്വരങ്ങൾ. ഉച്ചാരണസ്ഥാനങ്ങളിൽ തട്ടി ഉച്ചരിക്കപ്പെടുന്നവ വ്യജ്ഞനങ്ങളും. സ്വരങ്ങളെ നീട്ടി ഉച്ചരിക്കാം. അതുകൊണ്ട് അവയെപാടാവുന്ന വർണ്ണങ്ങൾ എന്നു വിളിക്കുന്നു. സ്വരങ്ങൾ തനിയെ ഉച്ചരിക്കാൻകഴിയുന്നവയാണ്. ഉച്ചാരണവേളയിൽ 'സ്പർശം' ഇല്ലാത്തതാണ് ഇതിനു കാരണം.

## 1.3.1 സ്വരങ്ങൾ

മലയാളത്തിൽ സ്വരാക്ഷരങ്ങൾ പതിമൂന്നെണ്ണം ഉണ്ട്. അവയെ ഹ്രസ്വം ദീർഘം എന്നിങ്ങനെ രണ്ടായി തിരിക്കാം.

| ഹ്രസ്വം | ദീർഘം. |
|---|---|
| അ | ആ |
| ഇ | ഈ |
| ഉ | ഊ |
| ഋ | — |
| എ | ഏ,ഐ |
| ഒ | ഓ,ഔ |

## 1.3.2 മാത്ര

ഒരു സ്വരം ഉച്ചരിക്കാൻവേണ്ടി വരുന്ന ശ്വാസത്തിന്റെ അളവാണ് മാത്ര. ഒരുമാത്രയിൽ ഉച്ചരിക്കാൻകഴിയുന്ന സ്വരത്തെ ഹ്രസ്വം എന്നും ഒന്നിലധികം മാത്രകൊണ്ട് ഉച്ചരിക്കേണ്ടി വരുന്ന സ്വരത്തെ ദീർഘം എന്നും വിളിക്കുന്നു. ദീർഘത്തിൽ രണ്ടോ അതിലധികമോ മാത്രകൾ ഉണ്ടാകാം. ഉച്ചരിക്കുന്ന ആളിന്റെ ശക്തിക്കനുസരിച്ച് ഒരു സ്വരം എത്രവേണമെങ്കിലും നീട്ടാം. എങ്കിലും നാം അവയെ ദീർഘം എന്ന ഇനത്തിൽ തന്നെ പെടുത്തുന്നു. രണ്ടിലധികം മാത്ര വരുന്ന സ്വരത്തെ പ്ലുതമെന്ന് സംസ്കൃത വൈയാകരണൻമാർ പറഞ്ഞിട്ടുണ്ട്.അ,ഇ,ഉ,എ,ഒ എന്നി സ്വരങ്ങൾക്ക് ഹ്രസ്വവും ദീർഘവും ഉണ്ട്. ഋ എന്ന സ്വരമാകട്ടെ ഹ്രസ്വമായി മാത്രമേ പ്രയോഗിക്കുന്നുള്ളു. അതിന്റെ ദീർഘം സാധാരണ അക്ഷരമാലയിൽ കൊടുക്കാറുണ്ട്. എന്നാൽ അതും നാം ഒരിക്കലും ഉപയോഗിക്കാറില്ല. സംസ്കൃതാക്ഷരമാലയെ പിന്തുടർന്ന് 'ഌ' എന്ന ഒരു സ്വരവും അതിന്റെ ദീർഘവും അക്ഷരമാലയിൽ പെടുത്താറുണ്ട്.ഒരിക്കലും ഉപയോഗത്തിൽ ഇല്ലാത്ത അക്ഷരങ്ങളെ അക്ഷരമാലയിൽ ഉൾപ്പെടുത്തിയിട്ട് ഒരു കാര്യവുമില്ല. 'ക്ളിപ്തം' എന്ന പദത്തിൽ 'ഌ' ഉപയോഗിച്ചിരുന്നു. എന്നാൽ ക്+ള്+ഇ ഇവയുടെ കൂട്ടക്ഷരമായ 'ക്ളി' എന്ന രൂപമാണ് അതിനുപകരം ഉപയോഗിച്ചു വരുന്നത്. അതിന്റെ ദീർഘമാകട്ടെ ഒരിക്കലും പ്രയോഗത്തിൽ വന്നിട്ടേ ഇല്ല. അതുകൊണ്ട് ഈ മൂന്നു സ്വരങ്ങൾ നമ്മുടെ അക്ഷരമാലയിൽ ഉൾപ്പെടുത്തേണ്ടതില്ല. അങ്ങനെ പതിമൂന്ന് അക്ഷരങ്ങളാണ് സ്വരങ്ങളായി നമുക്കുള്ളത്.

## 1.3.3 സമാനാക്ഷരങ്ങളും സന്ധ്യക്ഷരങ്ങളും.

സ്വരങ്ങളെ സമാനാക്ഷരങ്ങളെന്നും സന്ധ്യക്ഷരങ്ങളെന്നും മററൊരു രീതിയിലും വേർതിരിക്കാറുണ്ട്. സ്വരങ്ങൾ ഉച്ചരിക്കുമ്പോൾ നിശ്വാസവായു ഉച്ചാരണ സ്ഥാനങ്ങളിൽ എവിടെയും വച്ചു തടയാറില്ലെന്ന് പറഞ്ഞുവല്ലോ. എന്നാൽ ഓരോ സ്വരത്തിനും ഓരോ ഉച്ചാരണസ്ഥാനവുമായി മററുള്ളതിനേക്കാൾ അടുപ്പം കാണാം. ആ അടുപ്പംകൊണ്ട് സ്വരങ്ങൾക്കും ഉച്ചാരണസ്ഥാനം നിർദ്ദേശിച്ചിട്ടുണ്ട്. ഉച്ചാരണവേളയിൽ ഒരു സ്ഥാനവുമായി മാത്രം അടുപ്പമുള്ള സ്വരങ്ങളെ സമാനാക്ഷരങ്ങളെന്നും ഒന്നിലധികം സ്ഥാനങ്ങളുമായി ബന്ധമുള്ളവയെ സന്ധ്യക്ഷരങ്ങളെന്നും തിരിക്കുന്നു.

| സമാനാക്ഷരങ്ങൾ | സ്ഥാനം | നാമം |
|---|---|---|
| അ-ആ | കണ്ഠം | കണ്ഠ്യം |
| ഇ-ഈ | താലു | താലവ്യം |
| ഉ-ഊ | ഓഷ്ഠം | ഓഷ്ഠ്യം |
| ഋ | മൂർദ്ധാ | മൂർദ്ധന്യം |
| 2 എ-ഏ | താലു | താലവ്യം |
| ഒ-ഓ | ഓഷ്ഠം | ഓഷ്ഠ്യം |
| **സന്ധ്യക്ഷരങ്ങൾ** | | |
| ഐ | കണ്ഠം+താലു | കണ്ഠതാലവ്യം |
| ഔ | കണ്ഠം+ഓഷ്ഠം | കണ്ഠോഷ്ഠ്യം |

സ്വരങ്ങൾ ഉച്ചരിക്കുമ്പോൾ സ്ഥാനഭേദം ഉണ്ടാകില്ല എന്നതുകൊണ്ട് ഹ്രസ്വങ്ങളും ദീർഘങ്ങളും സമാനാക്ഷരങ്ങൾ തന്നെ.

സ്വരങ്ങളുടെ ഹ്രസ്വദീർഘഭേദം അർത്ഥവ്യത്യാസം ഉണ്ടാക്കാൻ പര്യാപ്തമാണ്. വർണ്ണഭേദം അർത്ഥവ്യത്യാസത്തിനു കാരണമായിത്തീരുന്നു. അർത്ഥവ്യത്യാസം ഉണ്ടാകുമ്പോൾ മാത്രമേ വർണ്ണങ്ങൾക്ക് പ്രത്യേകം പ്രത്യേകം സ്വരമെന്ന പദവി ലഭിക്കുന്നുള്ളു. അ,ആ ഇവ ഒരു സ്വരം തന്നെയല്ലേ? രണ്ടു പ്രത്യേക സ്വരങ്ങളായി പരിഗണിക്കണമോ? എന്ന ചിന്ത ഉണ്ടാകാം.

പടി-പാടി എന്നീ വാക്കുകൾ ശ്രദ്ധിക്കുക.

ഇവ രണ്ടു പ്രത്യേക പദങ്ങളാക്കുന്നത്'പ' എന്ന വ്യഞ്ജനത്തോടു ചേർത്ത അ, ആ എന്ന വർണ്ണങ്ങളാണ്. അ, ആ എന്നിവ സമാനസ്വരങ്ങളാണെങ്കിലും അവയ്ക്ക് ഹ്രസ്വം, ദീർഘം എന്നീ വ്യത്യാസമുണ്ടു്. ഈ വ്യത്യാസം ആണ്'പടി', 'പാടി' എന്നീ പദങ്ങളിലെ അർത്ഥഭേദത്തിന് കാരണവും. എല്ലാ സ്വരങ്ങളുടേയും ഹ്രസ്വദീർഘഭേദം പദങ്ങളുടെ അർത്ഥത്തിൽ മാററം വരുത്തുന്നു.

**കുറിപ്പുകൾ**

**കണ്ഠം**

നിശ്വാസവായു വെളിയിലേക്കു വരുമ്പോൾ,വായ് നല്ലവണ്ണം തുറന്നാൽ കാണാൻ സാധിക്കുന്ന ഭാഗത്തുവച്ച് തടഞ്ഞു ശബ്ദം ഉച്ചരിക്കപ്പെടാറുണ്ട്. ശ്വാസം തട്ടുന്ന ആ സ്ഥാനത്തിന് കണ്ഠം എന്നു പറയുന്നു. അങ്ങനെ ഉച്ചരിക്കപ്പെടുന്ന വർണ്ണങ്ങൾ കണ്ഠ്യങ്ങളാണ്. ക വർഗ്ഗമാണ് ഉദാഹരണം.

**താലു**

നാവു വളച്ച് വായുടെ മുകൾത്തട്ടിലൂടെ പിറകോട്ടു നീക്കിയാൽ തൊടാൻ കഴിയുന്ന സ്ഥാനമാണ് താലു. ഈ സ്ഥാനത്ത് വച്ചു തടഞ്ഞുണ്ടാകുന്ന ശബ്ദം താലവ്യം. ച വർഗ്ഗം താലവ്യമാണ്.

## പുരോഗതി സ്വയം പരിശോധിക്കുക.1

ക. താഴെ കൊടുത്തിരിക്കുന്ന പ്രസ്താവങ്ങൾ വായിച്ച് പട്ടികയിലെ ശരിയായ വാക്കുകൾക്ക് നേരെ രേഖപ്പെടുത്തുക.

1. സ്വരങ്ങൾ പാടാൻ കഴിയുന്ന വർണ്ണങ്ങളാണ്. ആണ്.അല്ല.
2. ഹ്രസ്വം, ദീർഘം എന്ന ഭേദം അർത്ഥഭേദത്തിനു കാരണമാകണമെന്നില്ല. ഉണ്ട് ഇല്ല.
3. ഌ കാരത്തിൻെറ ദീർഘം നമ്മുടെ ഭാഷയിൽ പ്രയോഗത്തിലുണ്ട്. ഉണ്ട് ഇല്ല.
4. സമാനാക്ഷരങ്ങൾ ഒന്നിലധികം ഉച്ചാരണസ്ഥാനം ഉള്ളവയാണ്. ആണ് അല്ല.
5. ഐ, ഔ ഇവ സന്ധ്യക്ഷരങ്ങൾ ആണ്. ആണ്, അല്ല.

ച. ഉത്തരമെഴുതുക.

1. അവയാണ് ആശയസംവേദനത്തിന് ശബ്ദങ്ങൾക്ക് രൂപം കൊടുക്കുന്നത്. ഏവ? ......................
2. അത് ഭാഷകളെ തമ്മിൽ വേർപ്പെടുത്തുന്നു. ഏത്? ..................
3. അതിൻെറ സഹായത്തോടെ വ്യഞ്ജനങ്ങളെ ഉച്ചരിക്കാം. ഏതിൻെറ? ......................................
4. ആ ബന്ധം അക്ഷരമാലയുടെ കാര്യത്തിൽ മലയാളത്തെസമ്പന്നമാക്കി. ഏത് ബന്ധം? ........................
5. അവയാണ് ഒരു ഭാഷയുടെ വിജയഹേതു ഏവ? ....................
6. വർണ്ണങ്ങളെ ഇങ്ങനെ വേർതിരിക്കാം. എങ്ങനെ? ..................
7. ഈ മൂന്നു സ്വരങ്ങൾ നമ്മുടെ അക്ഷരമാലയിൽ പെടുത്തേണ്ടതില്ല. ഏത് മൂന്നു സ്വരങ്ങൾ? ........................
8. ഇവയാണ് സമാനാക്ഷരങ്ങൾ. ഏവ? ........................
9. ഇവയാണ് സന്ധ്യക്ഷരങ്ങൾ. ഏവ? ........................
10. ഹ്രസ്വവും ദീർഘവും സമാനാക്ഷരങ്ങളാകുന്നു എന്തുകൊണ്ട്? ........................................

ട. കോഷ്ഠകങ്ങളിൽ നിന്ന് ശരിയായ ഉത്തരം കണ്ടുപിടിച്ച് പൂരിപ്പിക്കുക.

1. ഹ്രസ്വം, ദീർഘം എന്നീ വ്യത്യാസത്തിനടിസ്ഥാനം ...................... ആണ്.

   (ഉച്ചാരണം, മാത്ര, സ്പർശം)

2. സ്വരങ്ങൾക്കും വ്യഞ്ജനങ്ങൾക്കും തമ്മിലുള്ള പ്രധാന വ്യത്യാസത്തിന് കാരണം ...................... ആണ്
   (സ്പർശം, ഉച്ചരിക്കുമ്പോഴുള്ള ശ്വാസത്തിന്റെ അളവ്)

3. സന്ധ്യക്ഷരങ്ങളുടെ പ്രത്യേകത അവയ്ക്ക് ഒന്നിലേറെ ...................... ഉണ്ട് എന്നതാണ്.
   (മാത്രകൾ, ഉച്ചാരണസ്ഥാനങ്ങൾ, അർത്ഥങ്ങൾ)

   ക,ച,ട യ്ക്ക് ഉത്തരം ..................., ഒടുവിൽ. ഈ ക്രമം അവസാനംവരെ.

# 1.4 സ്വരങ്ങൾ — ഉച്ചാരണവും ലിപിയും.

ഉച്ചരിച്ചു കേൾക്കുമ്പോൾ സ്വരങ്ങളെ അവയുടെ വ്യത്യാസത്തോടെ നമുക്കു മനസ്സിലാക്കാൻ കഴിയും. എഴുതികാണുമ്പോഴാകട്ടെ ലിപികളുടെ പ്രത്യേകത അനുസരിച്ച് അവ ഓരോരോ രൂപം കൈക്കൊള്ളും. ലിപികളാണ് ഭാഷകളെ പ്രത്യക്ഷത്തിൽ പരസ്പരം വേർതിരിക്കുന്നത്. ഒരേ ഗോത്രത്തിൽപ്പെട്ട ഭാഷകളുടെ സമാനമായ വർണ്ണമാലയ്ക്ക് ഒരേ തരത്തിലുള്ള ലിപികളല്ല ഉള്ളത്. ഒരു ഭാഷയിൽതന്നെ സ്വരം ഒററയ്ക്കു നില്ക്കുമ്പോഴും വ്യജ്ഞനങ്ങളോട് ചേർന്ന് നില്ക്കുമ്പോഴും പ്രത്യേകരൂപമാണ് ഉള്ളത്. മലയാളത്തിലെ സ്വരങ്ങളുടെ ലിപികളെക്കുറിച്ച് നമു ക്ക് പരിശോധിക്കാം.

പദാദിയിൽ ഹ്രസ്വ സ്വരങ്ങളും ദീർഘസ്വരങ്ങളും അവയുടെ തനി രുപത്തിൽ കാണാം. വ്യജ്ഞനങ്ങളുമായി ചേർന്നുള്ള അവയുടെ ഉപയോഗമാണ് ഭാഷയിൽ ധാരാളമായി ഉള്ളത്. വ്യജ്ഞനങ്ങളോടു ചേരുമ്പോൾ സ്വരങ്ങളുടെ ലിപിയിൽ വരുന്ന വ്യത്യാസം മനസ്സിലാക്കുകയാണ്പ്രധാനം.

ദീർഘസ്വരങ്ങളെക്കുറിക്കാൻ ഭാഷയിൽ സാധാരണയായി ചേർക്കുന്ന അടയാളം 'ാ' ആണ്.ഇടതുവശത്തേക്കു വളഞ്ഞ ഈ വര ആ, ഏ, ഓ എന്നീ സ്വരങ്ങളിലാണ് കാണുന്നത്. പദാദിയിലോ ഒററയ്ക്കോ നില്ക്കുമ്പോഴാണ് ഈ രൂപം ഉള്ളത്.

അ+ാ = ആ
എ+ാ = ഏ
ഒ+ാ =ഓ

ഈ, ഊ എന്നീ സ്വരങ്ങളിൽ 'ൗ' എന്ന അടയാളമാണ് ചേർക്കുന്നത്.

ഇ+ൗ =ഈ
ഉ+ൗ =ഊ

'ൗ' ലിപി 'ഒ' കാരത്തോടു ചേരുമ്പോൾ അതിന്റെ സന്ധ്യക്ഷരമായ 'ഔ' ആണ് ഉണ്ടാകുന്നത്. ഈ, ഊ എന്നിവയുടെ രീതിയിൽ ഇത് ദീർഘസ്വരമാണ് എന്നു തെററിദ്ധരിക്കരുത്.

'ഋ' കാരം വ്യഞ്ജനത്തോട് ചേരുമ്പോൾ വ്യഞ്ജനത്തിന്റെ അടിയിൽ 'ൃ' എന്ന ചിഹ്നം ചേർക്കുന്നു. ക്+ഋ കൃ. 'എ' കാരം വ്യഞ്ജനത്തോടു ചേർക്കുന്നത് 'െ' എന്ന അടയാളം കൊടുത്താണ്. ഇതേ അടയാളം 'എ' യുടെ മുമ്പിൽ ചേർത്താണ് 'ഐ' എന്ന സന്ധ്യക്ഷരം ഉണ്ടാക്കുന്നത്. 'ഒ' കാരം വ്യഞ്ജനത്തോട് ചേർക്കുമ്പോൾ 'എ' കാരത്തിന്റെ ലിപിയായ 'െ' യും 'അ' കാരത്തിന്റെ ലിപിയായ 'ാ' യും വ്യഞ്ജനത്തിന്റെ ഇടതും വലതുമായി ചേർക്കുന്നു.

ക്+ഔ = കൌ

വ്യഞ്ജനങ്ങൾ ഒററയ്ക്കു ഉച്ചരിക്കുക പ്രയാസമാണ്. സ്വരത്തിന്റെ സഹായത്തോടെയാണ് അത് ഉച്ചരിക്കുന്നത്. സാധാരണയായി ഭാഷ കൈകാര്യം ചെയ്യുന്നവർക്കു ഇതൊക്കെ പരിചയമുള്ളതാണ്. എങ്കിലും അവയുടെ വ്യക്തമായ ധാരണ ഭാഷയുടെ പഠനം സുഗമമാക്കും. വ്യഞ്ജനാക്ഷരങ്ങൾ നാം എഴുതുന്നത് 'അ' തുടങ്ങിയ സ്വരാക്ഷരങ്ങൾ ചേർത്താണ്. വ്യഞ്ജനത്തിൽ നിന്ന് സ്വരം മാററിയാൽ കിട്ടുന്ന രൂപം കാണിക്കാൻ അതിനുമുകളിൽ '്' (ചന്ദ്രക്കല) അടയാളം കൊടുക്കുകയാണ് പതിവ്. ക്+അ=ക, ക്+ഇ=കി, ക്+ഉ=കു, ക്+ഋ=കൃ, ക്+എ=കെ, ക്+ഒ=കൊ, ക്+ഐ=കൈ, ക്+ഔ=കൌ.

അ — അമ്മ (പദാദിയിൽ)
— കഥ (വ്യഞ്ജനത്തോട് ചേർന്നു)
'അ' കാരം ചേർന്നാൽ വ്യഞ്ജനം, ചന്ദ്രക്കല '്' ഉപേക്ഷിച്ചാൽ കിട്ടുന്നതുതന്നെ.

ആ — ആന (പദാദിയിൽ)
കാലം വ്യഞ്ജനത്തോട് ചേർക്കുമ്പോാ 'ാ' എന്ന ചിഹ്നം, (ക്+ാ).

ഇ — ഇല (പദാദിയിൽ) വ്യഞ്ജനത്തോട് ചേർക്കുമ്പോാ 'ി' കുടക്കാലുപോലെ അററം വളഞ്ഞു നീണ്ട വരയാണ് ചിഹ്നം.
മിനി (മ്+ഇ+ന്+ഇ)
ചിരി (ച്+ഇ+ര്+ഇ)

ഈ — ഈച്ച (പദാദിയിൽ)
വ്യഞ്ജനത്തോടു ചേർക്കുമ്പോാ 'ീ' ചുററിക്കെട്ടോടു കൂടിയ വളഞ്ഞുനീണ്ട വരയാണ് ചിഹ്നം
ചീനി (ച്+ഈ+ന്+ഇ)
നീതി (ന്+ഈ+ത്+ഇ).

ഉ — ഉപ്പ് (പദാദിയിൽ)
'ഉ' കാരം ചേർത്തിരിക്കുന്നു എന്നു കാണിക്കാൻ വ്യഞ്ജനങ്ങളോടു നാലു ചിഹ്നങ്ങാ ചേർക്കുന്നു.

1. 'ാ' 'അ' യുടെ ചിഹ്നമാണെന്നു തെററിദ്ധരിക്കരുത്. 'ആ' യുടെ യോഗം കാണിക്കാൻ ഇത് അക്ഷരത്തിൽ നിന്നു വിട്ടു എഴുതുന്നു. (കാ,ചാ ) 'ഉ' കാരയോഗം സൂചിപ്പിക്കാൻ ഈ ചിഹ്നം അക്ഷരത്തോടു ചേർത്ത് എഴുതുന്നു. ക+ാ=(കു)=കുതിര 'ക' എന്ന അക്ഷരത്തോടാണ് ഇത് ചേർക്കുന്നത്.

2. '_' ഈ ചിഹ്നം ഗ, ഛ, ജ, ത, ഭ, ശ, ഹ എന്നീ അക്ഷരങ്ങളോടു ചേർക്കുന്നു.
(ഗുരു, ഇച്ഛു) അർജ്ജുനൻ, തുണി, ഭുവനം, ശുഭം, ബഹുലം ഗു ഛു
ജ്ഞ ജ്ജ തു ഭു ശു ഹു

3. 'ു' ര എന്ന അക്ഷരത്തോടു 'ഉ' കാരം ചേർക്കുമ്പോാ ഈ അടയാളം ചേർക്കുന്നു ര+ു=രു. തരു.

4. 1.'ു' മററെല്ലാ വ്യജ്ഞനങ്ങളോടും ഉ കരയോഗം കാണിക്കാൻ ഈചിഹ്നം ചേർക്കുന്നു.
മ്+ഉ=മു—മുനി
ച്+ഉ=ചു—ചുമ.

2. ന, ണ എന്നീ വ്യഞ്ജനങ്ങളോടു ചേർക്കുമ്പോാ ഈ ചിഹ്നം അക്ഷരത്തിനുള്ളിലേക്കു കടന്നു നില്ക്കും.
—ന്+ ു = നു—അനു
—ണ്+ ു = ണു—വീണു

ചിഹ്നത്തിന്റെ ഈ വൈഷമ്യങ്ങാ ഒഴിവാക്കാൻ 'ു' എന്ന അടയാളം എല്ലാ വ്യഞ്ജനങ്ങളോടും ചേർക്കുകയാണ് ഇപ്പോഴത്തെ രീതി.

ഇതിനുപുറമെ സംവൃതോകാരം എന്ന ഒരു 'ഉ' കാരം കൂടി മലായളത്തിലുണ്ട്. പദത്തിന്റെ ഒടുവിൽ വ്യഞ്ജനങ്ങാ ഉണ്ടാവുകയില്ല. വ്യഞ്ജനത്തിൽ അവസാനിക്കുന്ന പദത്തെ സ്വരം ചേർത്ത് സ്വരാന്തമാക്കും. അതിനു ചേർക്കുന്ന സ്വരമാണ് സംവൃത ഉകാരം. ഉകാര ചിഹ്നം ചേർത്ത് മുകളിൽ ചന്ദ്രക്കല ഇടുകയാണ് ഇതു സൂചിപ്പിക്കാനുള്ള മാർഗ്ഗം.

കണ്ട് — മനസ്സ്
ഇവിടെ പദത്തിന്റെ ഒടുവിൽ വരുന്ന സ്വരം സംവൃതോകാരമാണ്.

ഊ ഊണ്
വ്യഞ്ജനങ്ങളോടു ചേർക്കുമ്പോാ 'ഉ' കാരം ചേരുമ്പോഴുള്ള മാററങ്ങാ തന്നെയാണുള്ളത്.

1. 'ക, ഗ, ജ, ത, ഭ, ശ, ഹ, എന്നീ വ്യഞ്ജനങ്ങളോടു 'ഊ' ചേർത്ത് എന്നു കാണിക്കാൻ ഇതു ചേർക്കുന്നു.

കൂ — കൂടം
ഗൂ — ഗൂഢം
ജൂ — ജൂൺ

ത്ത — തൂവൽ
ഭ്ര — ഭൂമി
ശ്ശ — ശൂലം
ഹ്ഹ — ഹൂണൻ

2. 'ാ' ന, ണ, ര എന്നിവയോടു ഈ ചിഹ്നം ചേർക്കുന്നു.

ന്+ഊ=നൂ— നൂറ്
ണ്+ഊ=ണൂ— വീണൂ
ര്+ഊ=രൂ— രൂപം

'ക' കാരത്തോട് ഇതും ചേർത്തു കാണാം.

ക് + ഊ = കൂ – കൂത്ത്.

3. 'ൂ' മററ് വ്യജ്ഞനങ്ങളോടെല്ലാം 'ഊ' ചേർന്നിരിക്കുന്നു എന്നു കാണിക്കാൻ ഈ ചിഹ്നം ചേർക്കുന്നു.

ച്+ഊ=ചൂ— ചൂതു്
മ്+ഊ=മൂ—മൂടി
യ്+ഊ=യൂ—യൂപം.

ചിഹ്നത്തിലെ വൈവിദ്ധ്യം കുറയ്ക്കാൻ പുതിയ ലിപിയിൽ 'ൂ' ചിഹ്നമാണ് ചേർക്കുന്നത്.

കൂ—കൂകി
നൂ— നൂറ്

ഋ —ഋഷി
— 'ൃ' എന്ന ചിഹ്നമാണ് ഋ കാര ചേർച്ച സൂചിപ്പിക്കുന്നത്.

കൃ—കൃഷി
തൃ—തൃപ്തി

എ —എലി
'െ' ആണ് 'എ'കാരം ചേർന്നിരിക്കുന്നു എന്നു കാണിക്കാൻ വ്യഞ്ജനത്തോടു ചേർക്കുന്നത്.
ചെ—ചെവി
തെ— തെളി

ഏ —ഏലം
—'േ' ആണ് ഏകാരം സൂചിപ്പിക്കുന്ന ചിഹ്നം.

കേ—കേരളം
പേ—പേലവം.

ഐ —ഐശ്വര്യം
—'ൈ' എന്ന ചിഹ്നം ചേർത്ത് 'ഏ' കാര യോഗം കാണിക്കുന്നു.
ചൈ—ചൈന
തൈ—തൈലം

ഒ —ഒന്ന്
ൊ— ാ 'എ' 'അ' ഇവയുടെ ചിഹ്നങ്ങൾ വ്യഞ്ജനത്തിന് മുൻപിലും പിറകിലും ഒരുമിച്ച് ചേർത്താണ് 'ഒ' കാരയോഗം കാണിക്കുന്നത്.
കൊ—കൊല്ലം
തൊ—തൊഴുതു

ഓ —ഓല
േ-ാ 'ഏ''അ' ഇവയുടെ ചിഹ്നങ്ങൾ യഥാക്രമം മുമ്പിലും പിമ്പിലും ചേർക്കുന്നു.
ചോ—ചോദ്യം
നോ—നോക്കി

ഔ —ഔദാര്യം
യഥാക്രമം 'എ' 'ഒ' യുടെ ചിഹ്നങ്ങൾ മുമ്പിലും പിമ്പിലും ചേർത്താണ് ഔ കാരം സൂചിപ്പിക്കുന്നത്.

കൌ—കൌതുകം
വ്യഞ്ജനങ്ങൾക്കു പിറകിൽ 'ൗ' ചിഹ്നം മാത്രം ചേർത്തും ഉപയോഗിക്കാറുണ്ട്.

കൗ—കൗശലം.

സ്വരങ്ങൾ ഒററയ്ക്കു നില്ക്കുമ്പോൾ യഥാർത്ഥരൂപം എളുപ്പത്തിൽ ബോദ്ധ്യപ്പെടും. വ്യഞ്ജനങ്ങളോടു ചേർത്തു ഉപയോഗിക്കുമ്പോൾ ലിപിയിൽ വരുത്തുന്ന പ്രത്യേകതകൾ ശ്രദ്ധിച്ചു മനസ്സിലാക്കണം.

**പുരോഗതി സ്വയം പരിശോധിക്കുക.2**

**അ** കോഷ്ഠകങ്ങളിൽ നിന്നും ശരിയായ ഉത്തരം കണ്ടെത്തി പൂരിപ്പിക്കുക.

1. ............... ഭാഷകളെ പ്രത്യക്ഷത്തിൽ വേർതിരിക്കുന്നു.
   (ലിപികൾ, വർണ്ണങ്ങൾ, മാത്രകൾ)
2. ഹ്രസ്വസ്വരങ്ങളും, ദീർഘസ്വരങ്ങളും അവയുടെ തനിരുപത്തിൽ ............... കാണാം.
   (പദമദ്ധ്യത്തിൽ, പദാന്തത്തിൽ, പദാദിയിൽ)
3. സ്വരം ഒററയ്ക്കു നില്ക്കുമ്പോഴും വ്യഞ്ജനത്തോടു ചേർന്നു നില്ക്കുമ്പോഴും പ്രത്യേകം പ്രത്യേകം രൂപം ............... .
   (ഇല്ല, ഉണ്ട്, ഉണ്ടാവുകയോ ഇല്ലാതിരിക്കുകയോ ചെയ്യാം)
4. വ്യഞ്ജനങ്ങളോടു ചേരുമ്പോൾ സ്വരങ്ങളുടെ ............... വ്യത്യാസം വരുന്നു.
   (മാത്രയിൽ, ഉച്ചാരണത്തിൽ, ലിപിയിൽ)
5. വ്യഞ്ജനാക്ഷരങ്ങളിൽ നിന്ന് സ്വരം മാറിയാൽ കിട്ടുന്ന രൂപം കാണിക്കാൻ ............... അടയാളം ചേർക്കുന്നു.

   (ം, ഉ, ്)
6. ചിഹ്നത്തിന്റെ വൈഷമ്യം ഒഴിവാക്കാൻ 'ഉ' എന്നതിന് ............... എന്ന അടയാളം വ്യഞ്ജനത്തോട് ചേർക്കുകയാണ് ഇന്നത്തെ രീതി.
   (ു, ൂ, ീ)

**ആ.** പട്ടികയിൽ കൊടുത്ത വാക്കുകളുടെ നേരെ രേഖപ്പെടുത്തി താഴെ പറയുന്ന പ്രസ്താവങ്ങളിൽ ഏതാണ് ശരിയെന്ന് വ്യക്തമാക്കുക.

1. മലയാളത്തിൽ പദങ്ങൾ വ്യജ്ഞനത്തിൽ അവസാനിക്കാറില്ല. ഇല്ല ഉണ്ട്
2. 'ൗ' എന്നതു ദീർഘ സ്വരമാണെന്നു കാണിക്കാനുള്ള ചിഹ്നം ആണ്. ആണ് അല്ല.
3. വ്യഞ്ജനങ്ങളിൽ അകാരം ചേർന്നിട്ടുണ്ട് എന്നു കാണിക്കാൻ മുകളിൽ ചന്ദ്രക്കല ചിഹ്നം ഇടുന്നു. ഉണ്ട് ഇല്ല.
4. 'ഇ' കാരത്തിന്റെ ദീർഘരൂപം ഈ എന്നാണ്. ആണ് അല്ല.

**ഇ.** താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1. '‍ു' എന്ന ഉകാരചിഹ്നം ചേരുന്ന വ്യഞ്ജനങ്ങൾ ഏവ? ഈരണ്ട് ഉദാഹരണം നല്കുക.
2. ഊ കാരം ചേർന്നിരിക്കുന്നു എന്നു കാണിക്കാനുപയോഗിക്കുന്ന ചിഹ്നങ്ങൾ ഏവ?
3. എകാര ചിഹ്നവും ഏ കാര ചിഹ്നവും തമ്മിലുള്ള വ്യത്യാസമെന്ത്?
4. ഓ കാരയോഗം കാണിക്കാൻ ഉപയോഗിക്കുന്ന ചിഹ്നത്തിനുള്ള പ്രത്യേകത എന്ത്?
5. ഔ കാരം ചേർന്നിരിക്കുന്നു എന്നു കാണിക്കാൻ വ്യഞ്ജനത്തോടു ചേർക്കുന്ന ചിഹ്നങ്ങൾ ഏവ?
6. ഋ കാരത്തിന്റെ ചിഹ്നം ഏത്? അതു ചേർത്ത് നാലു പദങ്ങൾ എഴുതുക.
7. ഉ കാരത്തിനും സംവൃതോകാരത്തിനും ലിപിയിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ? ഉദാഹരണങ്ങളിലൂടെ വിശദീകരിക്കുക.

## 1.5 വ്യഞ്ജനങ്ങൾ : ഉച്ചാരണവും ലിപിയും.

വ്യഞ്ജനങ്ങൾ ഉച്ചരിക്കുമ്പോൾ നിശ്വാസവായു കണ്ഠം, താലു, മൂർദ്ധാവ് വർത്സം, ദന്തം, ഓഷ്ഠം എന്നിങ്ങനെയുള്ള ഉച്ചാരണ സ്ഥാനങ്ങളിൽ വച്ചു തടഞ്ഞ ശേഷം പുറത്തേക്കു വിടുകയാണ് ചെയ്യുന്നത്. തടയുന്നതിന്റെ അളവിൽ വ്യത്യാസം

ഉണ്ടാകും. അതിൻെറ അടിസ്ഥാനത്തിൽ വ്യഞ്ജനങ്ങളെ വർഗ്ഗാക്ഷരങ്ങൾ, മധ്യമങ്ങൾ, ഊഷ്മാക്കൾ എന്നിങ്ങനെ വിഭജിക്കാം. ഇവ ഒററയ്ക്കും കൂട്ടക്ഷരങ്ങളിൽ ചേർന്നും വരുമ്പോൾ ലിപിയിൽ കാണിക്കുന്ന പ്രത്യേകതകളെന്തെന്ന് നമുക്ക് നോക്കാം.

നിശ്വാസവായു വെളിയിലേക്ക് വരുമ്പോൾ കണ്ഠം, താലു തുടങ്ങിയ ഉച്ചാരണ സ്ഥാനങ്ങളിൽ വച്ചു തടഞ്ഞു പുറത്തേക്കു വിടുന്നു. അപ്പോൾ കിട്ടുന്ന ഉച്ചാരണമാണ് വ്യഞ്ജനം ആകുന്നത്.തടയുന്നതിൻെറ പ്രത്യേകത അനുസരിച്ച് അവയെ വർഗ്ഗാക്ഷരങ്ങൾ, മധ്യമങ്ങൾ, ഊഷ്മാക്കൾ, ഘോഷി എന്നിങ്ങനെ വിഭജിച്ചിരിക്കുന്നു. നിശ്വാസവായു പൂർണ്ണമായി തടഞ്ഞു വെളിയിലേക്കു വിടുമ്പോൾ വർഗ്ഗാക്ഷരങ്ങളുണ്ടാകുന്നു. അല്പം മാത്രം തടഞ്ഞു ഉച്ചരിക്കുന്നത് മധ്യമങ്ങളും പകുതി തടഞ്ഞ് ഉച്ചരിക്കുന്നത് ഊഷ്മാക്കളും ഘോഷിയും ആണ്.

വ്യഞ്ജനങ്ങളെ, നിശ്വാസവായു തടയുന്ന സ്ഥാനത്തെ അടിസ്ഥാനമാക്കി കണ്ഠ്യം, താലവ്യം, മൂർദ്ധന്യം, വർത്സ്യം, ദന്ത്യം, ഓഷ്ഠ്യം എന്നിങ്ങനെ തിരിച്ചിരിക്കുന്നു. ഇതിൽ വർഗ്ഗാക്ഷരങ്ങളെ ഉച്ചാരണത്തിൻെറ രീതിയനുസരിച്ച് ഖരം, അതിഖരം, മൃദു, ഘോഷം, അനുനാസികം എന്ന് അഞ്ചായി തിരിക്കാറുണ്ട്. ഓരോന്നും ഉച്ചാരണത്തിൻെറ കാര്യത്തിലും അർത്ഥവ്യത്യാസം ഉണ്ടാകുന്നതിൻെറ കാര്യത്തിലും വ്യക്തിത്വം പുലർത്തുന്നു.

## 1.5.1 വർഗ്ഗാക്ഷരങ്ങൾ.

കണ്ഠ്യം—കണ്ഠം എന്ന ഉച്ചാരണസ്ഥാനത്തു വച്ച് തടഞ്ഞു പുറപ്പെടുന്ന വായുവാണ് ഈ വർണ്ണങ്ങൾ ഉണ്ടാക്കുന്നത്. ഉച്ചാരണവേളയിൽ സ്വനതന്ത്രികളിൽ അനുഭവപ്പെടുന്ന ചലനത്തിൻെറ ഏററക്കുറച്ചിലനുസരിച്ചാണ് ഖരവും മൃദുവും വ്യത്യാസപ്പെടുന്നത്. അതിഖരം ഖരത്തിനോടും, ഘോഷം മൃദുവിനോടും 'ഹ' കാരം ചേർത്ത് ഉച്ചരിക്കുന്നതാണ്. നിശ്വാസവായു തടഞ്ഞശേഷം മൂക്കിലൂടെ വെളിയിലേക്ക് വരുമ്പോഴുണ്ടാകുന്ന വർണ്ണങ്ങളാണ്അനുനാസികങ്ങൾ. വ്യഞ്ജനങ്ങളോടു അകാരം ചേർത്ത് ഉച്ചരിക്കുവാൻ പാകത്തിലാണ് അതിൻെറ ലിപി. സ്വരം ചേർത്ത രൂപമാണ് ഇവിടെ കൊടുക്കുന്നതെങ്കിലും അതിൻെറ വ്യഞ്ജനം എന്ന ഗുണം മാത്രമെ പരിഗണിക്കുന്നുള്ളു.
**കണ്ഠ്യം** ക വർഗ്ഗത്തിൽ പെട്ട വ്യഞ്ജനങ്ങൾ ഈ വിഭാഗത്തിൽ പെടുന്ന.

**ക:** ഖരം പദാദിയിലും പദമധ്യത്തിലും ഇതുവരും.
കരി—പകരം.
ഇരട്ടിയ്ക്കുമ്പോൾ രൂപം 'ക്ക' എന്നാണ്. '൭' ഈ ചിഹ്നം വലതുവശത്തു ചേർത്തു രൂപം ഉണ്ടാക്കുന്നു.
ചക്ക

**ഖ:** അതിഖരം. പദാദിയിലും പദമധ്യത്തിലും വരും.
ഖരം—നഖം
ഇരട്ടിച്ച രൂപം ഉപയോഗത്തിലില്ല.

**ഗ:** മൃദു. പദാദിയിലും പദമധ്യത്തിലും വരും.
ഗതി—ജഗത്ത്.
ഇരട്ടിയ്ക്കുമ്പോൾ രൂപം ഗ്ഗ എന്നാണ്. ഗകാരത്തിനു താഴെ മറെറാരു 'ഗ' ചേർത്തെഴുതുന്ന രീതിയും നിലവിലുണ്ട്.
ദുർഗ്ഗമം

**ഘ:** ഘോഷം. പദാദിയിലും പദമധ്യത്തിലും വരും.
ഘോരം—മേഘം
ഇരട്ടിച്ച രൂപം ഉപയോഗത്തിലില്ല.

**ങ:** അനുനാസികം. പദമധ്യത്തിൽ മാത്രമേ വരു.

ഇരട്ടിച്ചോ സ്വവർഗ്ഗഖരത്തോടു ചേർന്നോ ഉള്ള ഉപയോഗമേ ഉള്ളു.
ഇരട്ടിയ്ക്കുമ്പോൾ രൂപം ങ്ങ എന്നാണ്.
മാങ്ങ—തേങ്ങ.
ഖരവുമായി ചേരുമ്പോൾ ങ്ക എന്നു രൂപം (ങ്ക).
തങ്കം—തങ്കം മങ്ക—മങ്ക
**താലവ്യം** ച വർഗ്ഗത്തിൽപ്പെട്ട വ്യഞ്ജനങ്ങൾ ഈ വിഭാഗത്തിൽ പെടുന്നു.

**ച:** ഖരം. പദാദിയിലും പദമധ്യത്തിലും വരും.
ചന്തം — വിചാരം.
ഇരട്ടിയ്ക്കുമ്പോൾ ച്ച എന്നാണ് രൂപം. ച യ്ക്കു താഴെ '്വ' ചിഹ്നം ചേർത്ത് ഈ രൂപം ഉണ്ടാക്കുന്നു.

പൂച്ച — അച്ചടി
സൗകര്യം നോക്കി ച മുമ്പിൽ ചേർത്തും ഇരട്ടിപ്പ്
കാണിക്കാറുണ്ട്. (ച്ച)

**ഛ:** അതിഖരം. സംസ്കൃതപദങ്ങളിൽ മാത്രം വരും. പദാദിയിലും പദമധ്യത്തിലും
വരുന്നു.
ഛായ
പരിച്ഛദം
ഇരട്ടിച്ച രൂപം പ്രയോഗത്തിലില്ല.

**ജ:** മൃദു. പദാദിയിലും പദമധ്യത്തിലും വരും.
ജനം
വിജയം
ഇരട്ടിക്കുമ്പോൾ രൂപം ജ്ജ എന്നാണ്. ഒരു ജ താഴെ പിറകിൽ ചേർത്തു
ഇരട്ടിപ്പ് കാണിച്ചിരുന്നു.
'ജ്ജ' — സജ്ജനം

**ഝ:** ഘോഷം. സംസ്കൃതപദമായ ഝ, ഝടിതി ഝഷം എന്നീ പദങ്ങളിൽ
കാണുന്നു. ഇതിന്റെ കൂട്ടക്ഷരം പ്രയോഗത്തിലില്ല.

**ഞ:** അനുനാസികം. പദാദിയിൽ വരും.

ഞങ്ങൾ.
പദമധ്യത്തിൽ ഇതിന്റെ ഇരട്ടിച്ച രൂപമേ വരാറുള്ളു. ഞ്ഞ എന്ന രൂപം. ഞ
യുടെ അംശത്തോട് ഞ ചേർക്കുന്നു.
ഞ+ഞ.
അറിഞ്ഞു.

**മൂർദ്ധന്യം.** ട വർഗ്ഗത്തിൽപ്പെട്ട ഖരങ്ങൾ ഈ വിഭാഗത്തിൽ പെടുന്നു.

**ട:** ഖരം പദമധ്യത്തിൽ മാത്രം വരുന്നു.
കുട
ഇരട്ടിക്കുമ്പോൾ രൂപം ട്ട എന്നാണ് (ട്ട)
ട യ്ക്കു താഴെ ട യുടെ അംശം ചേർക്കുന്നു.
കുട്ട

**ഠ:** അതിഖരം. പദമധ്യത്തിൽ മാത്രം വരും.
പീഠം. ഇരട്ടിച്ച രൂപം ഉപയോഗിത്തിലില്ല.

**ഡ:** മൃദു. സാമാന്യേന സംസ്കൃതത്തിൽ നിന്ന് സ്വീകരിച്ചിട്ടുള്ള പദങ്ങളിൽ വരും.
ഈഡു — പീഡ
ഇരട്ടിക്കുമ്പോൾ രൂപം ഡ്ഡ എന്നാണ്. ഒന്നിനു താഴെ മറ്റൊരു ഡ ചേർക്കുന്നു
ഉഡ്ഡയനം.

**ഢ:** ഘോഷം. പദമധ്യത്തിൽ മാത്രം വരും.
ആഷാഢം. ഇരട്ടിച്ച രൂപം പ്രയോഗത്തിലില്ല.

**ണ:** അനുനാസികം. പദമധ്യത്തിലും പദാന്ത്യത്തിലും വരും.
കൺകെട്ട്, എണ്ണുംകോണും, കണ
ഇരട്ടിക്കുമ്പോൾ ണ്ണ എന്നു രൂപം. ഒന്നിനു താഴെ മറ്റൊന്ന്.
കണ്ണാടി.

**വർത്സ്യം** റ വർഗ്ഗാക്ഷരങ്ങൾ.

**റ:** ഖരം. പദമധ്യത്തിൽ വരും. റ കാരം ഇരട്ടിച്ചതുപോലെയാണ്.
തെറ്റ് — പറ്റി ഇതിന് ഇരട്ടിപ്പ് ഇല്ല.

**ന:** **അനുനാസികം.** പദമധ്യത്തിലും പദത്തിന്റെ ഒടുവിലും വരും.
മാനം — മാൻ.
'ന' കാരവും തമ്മിൽ ഇതിന് ലിപിയിൽ വ്യത്യാസമില്ല.
ഇരട്ടിക്കുമ്പോൾ 'ന്ന' എന്ന രൂപം. എൻ+ആൽ=എന്നാൽ.

**ദന്ത്യം.** ത വർഗ്ഗാക്ഷരങ്ങളുടെ സ്ഥാനം ദന്തമാണ്.

**ത:** ഖരം. പദാദിയിലും പദമധ്യത്തിലും വരും.
തല — ലതിക.
ഇരട്ടിക്കുമ്പോൾ 'ത്ത' എന്നു രൂപം. തകാരത്തിന് പിറകിൽ ത ചേർക്കുന്നു.
തത്ത — ചിത്തം

**ഥ:** അതിഖരം. പദമധ്യത്തിൽ മാത്രം വരും.
കഥ — വീഥി
ഇരട്ടിച്ച രൂപം ഇല്ല.

ദ: മൃദു. പദാദിയിലും പദമധ്യത്തിലും വരും.
ദാനം — ഉദയം.
ഇരട്ടിക്കുമ്പോഠ 'ദ്ദ' എന്നു രൂപം. 'ദ' യ്ക്കു താഴെ 'ദ' യുടെ ഭാഗങ്ങഠ ചേർക്കുന്നു.
മദ്ദളം — കർദ്ദിനാഠ

ധ: ഘോഷം. പദാദിയിലും പദമധ്യത്തിലും വരും.
ധര — അധരം
ഇരട്ടിച്ച രൂപം പ്രയോഗത്തിലില്ല.

ന: അനുനാസികം. പദാദിയിലും കൂട്ടക്ഷരമായി പദമധ്യത്തിലും വരും.
നനഞ്ഞ. — നാണം.
പന്നി — കുന്നി.
ഇരട്ടിക്കുമ്പോഠ 'ന്ന' എന്നു രൂപം. 'ന' യുടെ ഭാഗം ചേർക്കുന്നു. പദത്തിന്റെ ഒടുവിൽ ന യുടേയും ന യുടേയും ഉച്ചാരണം തുല്ല്യമാണ്. വ്യത്യാസം കാണിക്കാറില്ല.
അവൻ — നിൻ.

ഓഷ്ഠ്യം. 'പ' വർഗ്ഗത്തിലുള്ള അക്ഷരങ്ങഠ ഈ വിഭാഗത്തിൽപ്പെടുന്നു.

പ: ഖരം പദാദിയിലും പദമധ്യത്തിലും വരും.
പന — ചാപം
ഇരട്ടിക്കുമ്പോഠ 'പ്പ' എന്നു രൂപം. 'പ' യുടെ താഴെ മററൊരു 'പ' ചേർക്കുന്നു.
പപ്പടം — തപ്പി

ഫ: അതിഖരം. പദാദിയിലും പദമധ്യത്തിലും വരും.
ഫലം — സഫലം
ഇരട്ടിച്ച രൂപം ഇല്ല.

ബ: മൃദു. പദാദിയിലും പദമധ്യത്തിലും വരും.
ബലം — കുബേരൻ
ഇരട്ടിച്ച രൂപം 'ബ്ബ' എന്നാണ്. 'ബ' യ്ക്കു താഴെ ' ◌ ' എന്ന ചിഹ്നം ചേർക്കുന്നു.
ദുർബ്ബലം.

ഭ: ഘോഷം. പദാദിയിലും പദമധ്യത്തിലും വരും.
ഭയം — സുലഭം
ഇരട്ടിച്ച രൂപം പ്രയോഗത്തിലില്ല.

മ: അനുനാസികം. പദാദിയിലും പദമധ്യത്തിലും പദത്തിന്റെ ഒടുവിലും വരും
മകരം
മമത
മർമ്മരം

പദാന്ത്യത്തിൽ അനുസ്വാരം എന്നു വിളിക്കുന്ന 'ം' എന്ന ലിപിയാണ് ഉപയോഗിക്കുന്നത്.
ഇരട്ടിക്കുമ്പോഠ മ്മ എന്നു രൂപം. മ യോടു ഒരു മ കൂടി ചേർക്കുന്നു.
അമ്മ — ചമ്മന്തി

ദ്രാവിഡഭാഷയിൽ പദങ്ങഠ വ്യഞ്ജനത്തിൽ അവസാനിക്കുകയില്ല. എന്നാൽ ചുരുക്കം ചില വ്യഞ്ജനങ്ങഠ അങ്ങനെ വരും. അവയെ ചില്ലുകഠ എന്നു പറയുന്നു. ർ, ഠ, ൽ, ൻ, ൺ എന്നിവയാണ് ചില്ലുകഠ. അവർ, അവഠ, ആൽ, താൻ, ആൺ.

## 1.5.2 മധ്യമങ്ങഠ.

ഉച്ചരിക്കുന്ന വേളയിൽ നിശ്വാസവായുവിനെ വളരെ കുറച്ചു തടഞ്ഞു വെളിയിലേക്കു വിടുമ്പോഠ ഉണ്ടാകുന്ന വർണ്ണങ്ങളാണ് മധ്യമങ്ങഠ. സ്പർശം ഇല്ലാത്ത സ്വരങ്ങഠക്കും പൂർണ്ണമായ സ്പർശം ഉള്ള വ്യഞ്ജനങ്ങഠക്കും മധ്യേയുള്ളത് എന്ന അർത്ഥത്തിൽ മധ്യമങ്ങഠ എന്നു പേർ. സംസ്കൃത മധ്യമങ്ങളായ യ, ര, ല, വ, മലയാളത്തിലും സ്വീകരിച്ചിട്ടുണ്ട്. ഇവയ്ക്കു പുറമെ ദ്രാവിഡഭാഷയ്ക്കു സ്വന്തമായ ള, ഴ, റ എന്നീ വർണ്ണങ്ങളും മലയാളത്തിലുണ്ട്. വർഗ്ഗാക്ഷരങ്ങളേക്കാഠ സ്വരവുമായി അടുത്തു നില്ക്കുന്നതുകൊണ്ട് ഉച്ചാർണത്തിന്റെ കാര്യത്തിൽ ഇവയ്ക്ക് സ്വരത്തിന്റെ സഹായം അത്യാവശ്യമില്ല.

യ: ഉച്ചാരണസ്ഥാനം താലു. അതുകൊണ്ട് താലവ്യം എന്ന വിഭാഗത്തിൽ പെടുന്നു. പദാദിയിലും പദമധ്യത്തിലും പദാന്ത്യത്തിലും വരും.

യതി
വായന
കായ്
ഇരട്ടിക്കുമ്പോൾ യ കാരത്തിനു താഴെ ്യ ചിഹ്നം ചേർത്ത് രൂപം ഉണ്ടാക്കുന്നു.
തയ്യൽ — പയ്യൻ
മററു വ്യഞ്ജനങ്ങളോടു ചേരുമ്പോൾ '്യ' എന്ന ചിഹ്നം ചേർക്കുന്നു.
കാര്യം — ആഖ്യ — കാവ്യം

ര: സംസ്കൃതരീതി അനുസരിച്ച് ഉച്ചാരണസ്ഥാനം മൂർദ്ധാവ്. അതിനാൽ മൂർദ്ധന്യം എന്ന വിഭാഗത്തിലാണ് പേർക്കാറുള്ളത്. പക്ഷേ മലയാളികൾ ഇതിനെ വർത്സ്യം ആയിട്ടാണ് ഉച്ചരിക്കുന്നത്.
പദാദിയിലും പദമധ്യത്തിലും പദാന്ത്യത്തിലും വരും.
രവി
കര
മലർ
ഇരട്ടിച്ച രൂപം ഇല്ല.
കൂട്ടക്ഷരത്തിൽ മററുവ്യഞ്ജനത്തിനു മുകളിൽ ' എന്ന ചിഹ്നം ചേർത്തു രൂപം ഉണ്ടാക്കുന്നു.
അർക്കൻ, മാർക്ക്, ചക്ര

ല: ഉച്ചാരണ സ്ഥാനം ദന്തമാണ്. ദന്ത്യം എന്ന വിഭാഗത്തിൽ പെടുന്നു.
വർത്സ്യവുമായി അടുപ്പമുണ്ട്.
പദാദിയിലും പദമധ്യത്തിലും പദാന്ത്യത്തിലും വരുന്നു.
ലവണം
അല
വാൽ

ല കാരം പദത്തിന്റെ ഒടുവിൽ ചില്ലായി വരുമ്പോൾ ലിപിയ്ക്കു ത കാരവുമായി അടുപ്പം കാണാം.
ഇരട്ടിക്കുമ്പോൾ 'ല്ല' എന്ന രൂപം. ല യ്ക്കു താഴെ '്ല' ചിഹ്നം ചേർക്കുന്നു.
കൊല്ലം — ചെല്ലം (ചെല്ലം)
കൂട്ടക്ഷരത്തിൽ മററൊരു വ്യഞ്ജനത്തോടു ചേർന്നു വരാറില്ല.

വ: കീഴ്ച്ചുണ്ട് മുകൾവരിയിലെ പല്ലുമായി ചേർത്ത് ഉച്ചരിക്കുന്നു. അതുകൊണ്ട് ദന്തോഷ്ഠ്യം എന്ന വിഭാഗത്തിൽപ്പെടുന്നു.പദാദിയിലും പദമധ്യത്തിലും വരും.
വനം
വിവരം

ഇരട്ടിക്കുംമ്പോൾ വ കാരത്തോട് ' ്വ 'ചിഹ്നം ചേർക്കുന്നു.
ചൊവ്വ — അവ്വണ്ണം
കൂട്ടക്ഷരത്തിൽ '്വ' എന്ന ചിഹ്നം ചേർക്കും.
സ്വന്തം (സ്+വ) പക്വം (ക്+വ)

ള: ഉച്ചാരണസ്ഥാനം മൂർദ്ധാവാണ്. മൂർദ്ധന്യം എന്ന വിഭാഗത്തിൽപ്പെടുന്നു.
പദമധ്യത്തിലും പദാന്ത്യത്തിലും വരും.
വള
വാൾ
മററു ഭാഷകളിൽ നിന്നു പദം കടം കൊള്ളുന്ന വേളകളിൽ ള പദാദിയിലും കാണാം. ളോഹ.
ചില്ലായി വരുമ്പോൾ 'ൾ' എന്നു രൂപം
ഉരുൾ
ഇരട്ടിക്കുമ്പോൾ ള്ള എന്നു രൂപം. 'ള'യ്ക്കു പിറകിൽ 'ള' ചേരുന്നു.
വെള്ളം
ഇരട്ടിക്കുമ്പോൾ 'ള്ള' യ്ക്ക് 'ള്ള' എന്ന ലിപിയും ഉപയോഗിക്കാറുണ്ട്.
വെള്ളി — തള്ളി

ഴ: ഉച്ചാരണസ്ഥാനം മൂർദ്ധാവാണ്. മൂർദ്ധന്യം എന്ന വിഭാഗത്തിൽപ്പെടുന്നു.
പദമധ്യത്തിൽ മാത്രം വരും
പുഴ — മഴ
ഴ ഇരട്ടിച്ച രൂപം ഇല്ല.

റ: വർത്സം എന്ന ഉച്ചാരണസ്ഥാനം. അതുകൊണ്ട് വർത്സ്യം എന്ന വിഭാഗത്തിൽ പെടുന്നു.
പദാദിയിലും പദമധ്യത്തിലും പദാന്ത്യത്തിലും വരും.
റവ
പറവ

പാറ
കാർ
ഇരട്ടിക്കുമ്പോൾ ററ എന്നോ റ്റ എന്നോ രൂപം.
ഒരു 'റ' യുടെ വശത്തോ താഴെയോ ചേർക്കുന്നു.
നീററി — നീറ്റി

## 1.5.3 ഊഷ്മാക്കൾ

ഉച്ചരിക്കുമ്പോൾ വർഗ്ഗാക്ഷരങ്ങൾക്കുണ്ടാകുന്നത്ര സ്പർശം ഇല്ലാത്തതും മധ്യമങ്ങളേക്കാൾ സ്പർശം കൂടുതലുള്ളതുമായ വ്യഞ്ജനങ്ങളാണ് ഊഷ്മാക്കൾ.

**ശ:** ഉച്ചാരണസ്ഥാനം താലുവാണ്. താലവ്യം എന്ന വിഭാഗത്തിൽപ്പെടുന്നു.
പദാദിയിലും പദമധ്യത്തിലും വരും.
ശരി
വിശരി
ഇരട്ടിക്കുമ്പോൾ ശ്ശ എന്നു രൂപം. ശ യുടെ താഴെ ശ ചേർക്കുന്നു.
ദുശ്ശാസനൻ.

**ഷ:** ഉച്ചാരണ സ്ഥാനം മൂർദ്ധാവാണ്. മൂർദ്ധന്യം എന്ന വിഭാഗത്തിൽ പെടുന്നു
പദാദിയിലും പദമധ്യത്തിലും വരും.
ഷണ്ഡൻ
കഷണം
ഇരട്ടിച്ച രൂപം പ്രയോഗത്തിലില്ല.

**സ:** ഉച്ചാരണസ്ഥാനം ദന്തമാണ്. ദന്ത്യം എന്ന വിഭാഗത്തിൽപെടുന്നു.
പദാദിയിലും പദമധ്യത്തിലും വരും.
സത്യം
മാസം
ഇരട്ടിക്കുമ്പോൾ സ്സ എന്നു രൂപം 'സ' കാരത്തിനു താഴെ മററൊരു 'സ' ചേർക്കുന്നു.
മനസ്സ് — തപസ്സ്

**ഹ:** കണ്ഠം ആണ് ഉച്ചാരണ സ്ഥാനം. കണ്ഠ്യം എന്ന വിഭാഗത്തിൽപെടുന്നു.
പദാദിയിലും പദമധ്യത്തിലും വരും.
ഹരൻ
ആഹാരം
ഇരട്ടിച്ച രൂപം പ്രയോഗത്തിലില്ല.

## 1.5.4 ഇരട്ടിക്കുമ്പോഴുള്ള ലിപിപരമായ പ്രത്യേകതകൾ

ഇരട്ടിക്കുമ്പോഴുള്ള ലിപിപരമായ പ്രത്യേകതകൾ.

### 1.5.4.1 ലിപി പൂർണ്ണമായും വശത്തു ചേർക്കുന്നവ

ജ്ജ
ത്ത
മ്മ
ള്ള
ററ

ലിപിയുടെ ഭാഗം വശത്തേക്കു ചേർക്കുന്നവ

ക്ക
ങ്ങ
ഞ്ഞ
ന്ന

### 1.5.4.2 താഴെക്കു കൂട്ടിച്ചേർക്കുന്നവ.

ലിപി പൂർണ്ണമായും താഴെ ചേർക്കുന്നവ.

ഗ്ഗ — ഗ്ഗ
ഡ്ഡ — ഡ്ഡ
ണ്ണ — ണ്ണ
പ്പ — പ്പ

ലിപിയുടെ ഭാഗങ്ങൾ ചുവടെ ചേർക്കുന്നവ.

ട്ട
ദ്ദ
ല്ല

**1.5.4.3** ' ്യ ' ചിഹ്നം ചേർക്കുന്നവ.

ച്യ
ബ്യ
യ്യ
വ്യ

വ്യഞ്ജനങ്ങൾ തമ്മിൽ ചേർന്ന് കൂട്ടക്ഷരം ഉണ്ടാകുന്നതിന് നിരവധി സാധ്യതകൾ ഭാഷയിലുണ്ട്. വർണ്ണങ്ങൾ കൂട്ടിച്ചേർത്ത് പുതിയ പുതിയ രൂപങ്ങൾ ഉണ്ടാക്കുന്നു. കൂട്ടക്ഷരങ്ങൾ രൂപപ്പെടുമ്പോൾ വരുന്ന ലിപിപരമായ പ്രത്യേകതകൾ നേരത്തേ പഠിച്ചു കഴിഞ്ഞു.

സ്ഫുടവും വ്യക്തവുമായ ഉച്ചാരണവും ലിപിയുടെ ശരിയായ ഉപയോഗവും ഭാഷ പ്രയോഗിക്കുമ്പോൾ പാലിച്ചിരിക്കണം. അപ്പോൾ മാത്രമേ ആശയം ഗ്രഹിക്കുമ്പോൾ സംശയം ഉണ്ടാകാതിരിക്കൂ. സംശയം ഉണ്ടായാൽ ഭാഷയുടെ ഉദ്ദേശ്യം പരാജയപ്പെടും. സംശയം ഒഴിവാക്കാനും അർത്ഥം വിശദമാക്കാനും വളരെയേറെ അഭ്യാസം ആവശ്യമാണ്.

ഓഡിയോ വീഡിയോ സാധ്യതകൾ പ്രയോജനപ്പെടുത്തണം.

**പുരോഗതി സ്വയം പരിശോധിക്കുക. 3**

**യ)** 1. ഉച്ചാരണസ്ഥാനങ്ങൾ ഏവ? ..............................

..............................

2. ഉച്ചാരണസ്ഥാനങ്ങളിൽ തടയുന്നതിന്റെ അടിസ്ഥാനത്തിൽ വ്യഞ്ജനങ്ങളെ എങ്ങനെ വേർ തിരിക്കുന്നു? ..............................

..............................

3. നിശ്വാസവായു പൂർണ്ണമായി തടഞ്ഞു വെളിയിലേയ്ക്ക് വിടുമ്പോൾ ഉണ്ടാകുന്ന അക്ഷരത്തിന് എന്ത് പറയുന്നു? കുറച്ചു തടയുമ്പോൾ അതിന് എന്തു പേർ നല്കാം? ഭാഗികമായി തടയുമ്പോൾ എന്ത് പേർ നല്കുന്നു? ..............................

..............................

..............................

4. വർഗ്ഗാക്ഷരങ്ങളെ ഉച്ചാരണത്തിന്റെ രീതിയനുസരിച്ച് എങ്ങനെ വേർതിരിക്കുന്നു? ..............................

..............................

5. അതിഖരവും ഘോഷവും എങ്ങനെ ഉണ്ടാകുന്നു? ..............................

..............................

6. അനുനാസികമെന്നാലെന്ത്? ..............................

..............................

7. സംസ്കൃതമദ്ധ്യമങ്ങൾ ഏവ? ..............................

..............................

8. ദ്രാവിഡമദ്ധ്യമങ്ങൾ ഏവ? ..............................

..............................

9. സംസ്കൃതത്തിലും മലയാളത്തിലും 'ര'യുടെ സ്ഥാനം ഒന്നാണോ? ..

..............................

**ര:** കോഷ്ഠകത്തിൽ കൊടുത്തിട്ടുള്ളവയിൽ നിന്ന് ഉചിതമായതു തെരഞ്ഞെടുത്ത് പൂരിപ്പിക്കുക.

1. .............. പദാദിയിൽ വരാത്ത വ്യഞ്ജനമാണ്.
(ത, ഞ, ങ)

2. .............. യുടെ ഇരട്ടിച്ച രൂപം പ്രയോഗത്തിലില്ല.
   (ദ, ഘ, മ)
3. പദമധ്യത്തിൽ മാത്രം വരുന്ന വർണ്ണമാണ് ..............
   (ണ, യ, ഩ)
4. ച വർഗ്ഗാക്ഷരങ്ങളുടെ ഉച്ചാരണസ്ഥാനം .............. ആണ്.
   (മൂർദ്ധാവ്, ദന്തം, താലു)
5. ഊഷ്മാവ് എന്ന വിഭാഗത്തിൽപ്പെട്ട വർണ്ണമാണ് ................
   (യ, ശ, ല)

## 1.6 പാഠസംഗ്രഹം

ഭാഷയുടെ അടിസ്ഥാനഘടകമാണ് ധ്വനി. അതാണ് ശബ്ദത്തിന്റെ മൂല കാരണവും. ധ്വനി ഉച്ചരിക്കപ്പെടുകയും ശ്രവിക്കപ്പെടുകയും ചെയ്യുന്നു. · മനസ്സിലാക്കിക്കുക മനസ്സിലാക്കുക ഇവയാണ് ഭാഷയുടെ ധർമ്മം. ധ്വനികളിൽനിന്ന് രൂപപ്പെടുന്ന ശബ്ദത്തെ നശിപ്പിക്കാതെ സൂക്ഷിക്കുവാനുള്ള പ്രയത്നത്തിൽ നിന്നാണ് ലിപി രൂപം കൊണ്ടത്. ലിപികൾ ശബ്ദത്തെ പുനഃസൃഷ്ടിക്കുവാനുള്ള വരകൾ ആണ്. മനുഷ്യർ ഉച്ചരിക്കുന്ന എല്ലാ ധ്വനികളും ഭാഷയിൽ ഉപയോഗിക്കാറില്ല. ഉച്ചാരണത്തിന് ഉപയോഗിക്കുന്ന ഏറ്റവും ചെറിയ ശബ്ദത്തെ വർണ്ണമെന്ന് പറയുന്നു. തനിയെ ഉച്ചരിക്കാവുന്നതും അല്ലാത്തതുമായ വർണ്ണങ്ങൾ ഉണ്ട്. സ്വരമെന്നും വ്യജ്ഞനമെന്നും അവയെ യഥാക്രമം വേർതിരിക്കാം. ഹ്രസ്വം, ദീർഘം എന്നതിനു പുറമെ സമാനാക്ഷരങ്ങളെന്നും, സന്ധ്യക്ഷരങ്ങളെന്നും സ്വരാക്ഷരങ്ങളെ വിഭജിക്കാം. വ്യഞ്ജനങ്ങളോടു ചേരുമ്പോൾ സ്വരാക്ഷരങ്ങളുടെ ലിപിയിൽ വ്യത്യാസം സംഭവിക്കുന്നു. വ്യഞ്ജനങ്ങളെ വർഗ്ഗാക്ഷരങ്ങൾ, മദ്ധ്യമങ്ങൾ, ഊഷ്മാക്കൾ എന്നിങ്ങനെ വേർതിരിക്കാറുണ്ട്. വർഗ്ഗാക്ഷരങ്ങൾക്ക് ഖരം, അതിഖരം, മൃദു, ഘോഷം, അനുനാസികം എന്നിങ്ങനെ ഉച്ചാരണപരമായ വ്യത്യാസങ്ങളുണ്ട്. വർണ്ണങ്ങൾ ഉച്ചരിക്കുന്നതിന് കണ്ഠം, താലു, മൂർദ്ധാ, വർത്സം, ദന്തം, ഓഷ്ഠം എവിങ്ങനെയുള്ള സ്ഥാനങ്ങളുണ്ട്. സ്ഥാനങ്ങൾ അനുസരിച്ച് ഓരോ അക്ഷരവും നാമകരണംചെയ്യപ്പെട്ടിരിക്കുന്നു.

## 1.7 പുരോഗതി സ്വയം പരിശോധിക്കുക. ഉത്തരം

1.ക) ആണ്    അല്ല

ഉണ്ട്    ഇല്ല

ഉണ്ട്    ഇല്ല

ആണ്    അല്ല

ആണ്    അല്ല

ച) 1 വർണ്ണസമുച്ചയം

2 പദരൂപവല്കരണത്തിന് അക്ഷരങ്ങളിൽ വരുത്തുന്ന ക്രമീകരണം.

3 സ്വരത്തിന്റെ

4 സംസ്കൃതഭാഷ ഉപയോഗിക്കുന്ന ആര്യന്മാരുമായുള്ള ബന്ധം

5 സ്ഫുടമായ ഉച്ചാരണസാദ്ധ്യതയും സംശയരഹിതമായ അർത്ഥസംവേദന ക്ഷമതയും

6 സ്വരങ്ങൾ, വ്യഞ്ജനങ്ങൾ എന്നിങ്ങനെ

7 ഌ, ന, ന

8 അ, ആ, ഇ, ഈ, ഉ, ഊ, ഌ എ, ഏ, ഒ, ഓ,

9 ഐ, ഔ

10 ഉച്ചരിക്കുമ്പോൾ സ്ഥാനഭേദമില്ലാത്തതുകൊണ്ട്

ട) 1 മാത്ര

2 സ്പർശം

3 ഉച്ചാരണസ്ഥാനങ്ങൾ

2.അ) 1. ലിപികരം
2. പദാദിയിൽ
3. ഉണ്ട്
4. ലിപിയിൽ
5. ്
6. ൂ

ആ) 1. ഇല്ല ഉണ്ട്
ആണ് അല്ല
ഉണ്ട് ഇല്ല
ആണ് അല്ല

ഇ) 1. തുമ്പ, ശുക്ളം.
2. ൗ, ള, ാ, ൂ
3. എകാര ചിന്ഹം 'െ' ഐകാരചിന്ഹം 'ൈ' ഐകാരത്തിന് ആവർത്തനമുണ്ട്.
4. വ്യഞ്ജനത്തിന്റെ മുമ്പിൽ എകാര ചിന്ഹമായ 'േ' യും പിന്നിൽ ആകാരചിന്ഹമായ 'ാ' യും ചേർക്കുന്നു.
തോരം
5. ൗ അല്ലെങ്കിൽ ൌ
കൗതുകം കൌതുകം
6. ൃ വൃഷ്ടി, തൃഷ്ണ, കൃപ, നൃപൻ
7. ഉണ്ട് കണ്ട് സംവൃതം കണ്ടു കേട്ടു വിവൃതം

3.അ) 1. കണ്ഠം, താലു, മൂർദ്ധാ, വർത്സം, ഓഷ്ഠം, ദന്തം.
2. കണ്ഠ്യം, താലവ്യം, മൂർദ്ധന്യം, വർത്സ്യം, ഓഷ്ഠ്യം, ദന്ത്യം.
3. പൂർണ്ണമായി തടയുന്നത് വർഗ്ഗാക്ഷരങ്ങൾ
കുറച്ചു തടയുമ്പോൾ മദ്ധ്യമങ്ങൾ
പകുതി തടയുമ്പോൾ ഊഷ്മാക്കൾ
4. ഖരം, അതിഖരം, മൃദു, ഘോഷം, അനുനാസികം.
5. 'ക്' എന്ന ഖരത്തോട് 'ഹ' ചേരുമ്പോൾ അതിഖരം 'ഗ' എന്ന മൃദുവിനോട് 'ഹ' ചേരുമ്പോൾ ഘോഷം.
6. നിശ്വാസ വായു തടഞ്ഞശേഷം മൂക്കിലൂടെ വെളിയിലേയ്ക്ക് വരുമ്പോൾ ഉണ്ടാകുന്നവർണ്ണം.
7. യ, ര, ല, വ
8. ള, ഴ, റ
9. അല്ല. സംസ്കൃതത്തിൽ മൂർദ്ധാവ് മലയാളത്തിൽ വർത്സം.

ആ) 1. ങ
2. ഘ
3. ഢ
4. താലു
5. ശ